**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1016** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വൈപ്പിൻ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ സമഗ്ര പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** വൈപ്പിൻ നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യമിട്ട് ഭവനം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, മത്സ്യബന്ധന അടിസ്ഥാനസൗകര്യം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്ര മത്സ്യത്തൊഴിലാളി വികസനപദ്ധതി തയ്യാറാക്കൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യമിട്ട് വകുപ്പിൻ്റെ നിലവിലുള്ള വിവിധ പദ്ധതികൾ വഴി വൈപ്പിൻ മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**1. തീരദേശ മത്സ്യഗ്രാമ വികസനം**

സംയോജിത ആധുനിക തീരദേശ മത്സ്യബന്ധന പദ്ധതി (IMCFV) പ്രകാരം നായരമ്പലം മത്സ്യഗ്രാമത്തിനു വേണ്ടി 710.24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായത് പ്രകാരം ഫിഷ് ലാൻഡിംഗ് സെന്ററിന്റെ അടിസ്ഥാനസൗകര്യ വികസനം, ടോയ്‌ലറ്റ് സമുച്ചയം, ഫിഷ് പ്രോസസിംഗ് യൂണിറ്റ്, മൾട്ടി പർപ്പസ് യൂട്ടിലിറ്റി സെന്റർ എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഫിഷറീസ് ഇക്കോ ടൂറിസം, കോസ്റ്റൽ ബയോ ഷീൽഡിംഗ്, കൃത്രിമ പാര് നിക്ഷേപം തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. കൂടാതെ, മത്സ്യവിപണനത്തിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് അഞ്ച് ഇലക്ട്രിക് ഫിഷ് വെൻഡിംഗ് ഓട്ടോ കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്.

കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള തീരദേശ മത്സ്യഗ്രാമ പദ്ധതി (CRCFV) പ്രകാരം എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, എടവനക്കാട് മത്സ്യഗ്രാമങ്ങളിൽ പൊതു മാർക്കറ്റ് നിർമാണം, സോളാർ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, ഫിഷ് വെൻഡിംഗ് ഓട്ടോ കിയോസ്ക് വിതരണം, ഓരുജല മത്സ്യക്കൂട് കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**2. ഭവന പദ്ധതികൾ**

BIF-HDF ഭവന പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം, ഞാറയ്ക്കൽ മത്സ്യഭവനുകളുടെ പരിധിയിലുള്ള അർഹരായ ഗുണഭോക്താക്കൾക്ക് വീടുകൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകിവരുന്നു. പുനർഗേഹം പദ്ധതി പ്രകാരം ഭൂരിഭാഗം ഗുണഭോക്താക്കളും ധനസഹായം കൈപ്പറ്റി വീടുകളുടെ നിർമാണം പൂർത്തിയാക്കി താമസം മാറിയിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമാണം പുരോഗമിക്കുന്നു.

**3. വിദ്യാഭ്യാസവും നൈപുണ്യ വികസനവും**

എറണാകുളം ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു. വിദ്യാതീരം പദ്ധതി പ്രകാരം മെഡിക്കൽ എൻട്രൻസ്, സിവിൽ സർവീസ്, NIT/IIT തുടങ്ങിയ മത്സരപരീക്ഷകൾക്കുള്ള പരിശീലനവും ലഭ്യമാക്കുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതികളിലൂടെ അർഹരായ വിദ്യാർഥികൾക്ക് ലാപ്ടോപ്പും ഫർണിച്ചറും വിതരണം ചെയ്തുവരുന്നു.

**4. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും**

വൈപ്പിൻ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രത്യാശ മറൈൻ ആംബുലൻസ് മുഖേന കടൽ പട്രോളിംഗും രക്ഷാപ്രവർത്തനങ്ങളും നടത്തിവരുന്നു. കടലാമകളുടെ സംരക്ഷണത്തിനായി ട്രോളറുകളിൽ ഘടിപ്പിക്കുന്ന ട്രാൻസ്പോണ്ടറുകൾ, ടർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസുകൾ (TED) സബ്സിഡിയോടെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. കടലിൽ അപകടമുണ്ടാകുമ്പോൾ യഥാസമയം വിവരങ്ങൾ കൈമാറുന്നതിനായി മത്സ്യബന്ധന യാനങ്ങൾക്ക് ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി, സബ്സിഡിയോടെയുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സ്, സീ ഗാർഡ് കിറ്റ് വിതരണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.

കൂടാതെ, മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ബോട്ട് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്രാങ്ക് പരിശീലനവും മത്സ്യത്തൊഴിലാളി യുവാക്കൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

**5. മത്സ്യഫെഡ് മുഖേനയുള്ള തൊഴിൽ-ഉപജീവന പദ്ധതികൾ**

മത്സ്യത്തൊഴിലാളികളുടെ തൊഴിൽ, മത്സ്യവിപണനം, മത്സ്യബന്ധന അടിസ്ഥാനസൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട് മത്സ്യഫെഡ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

- സംയോജിത മത്സ്യവികസന പദ്ധതി (IFDP): ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും മത്സ്യ സംസ്കരണ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും മത്സ്യ ലേലത്തിനാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും വായ്പ നൽകുന്നു. വൈപ്പിൻ മണ്ഡലത്തിലെ 18 സംഘങ്ങൾക്ക് 2,576.10 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

- മൈക്രോഫിനാൻസ് വായ്പ: ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ധനസഹായത്തോടെ സ്വയംസഹായ ഗ്രൂപ്പുകൾക്ക് വായ്പ നൽകിവരുന്നു. ഈ പദ്ധതി പ്രകാരം മണ്ഡലത്തിലെ 23 സഹകരണ സംഘങ്ങളുടെ കീഴിലുള്ള സ്വയംസഹായ ഗ്രൂപ്പുകളിലെ അംഗങ്ങൾക്കായി 6,882.66 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

- ടേം വായ്പ: മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി വായ്പ നൽകിവരുന്നു. ഈ പദ്ധതി പ്രകാരം മണ്ഡലത്തിലെ 13 സഹകരണ സംഘങ്ങൾ വഴി 23.20 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

- മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള പലിശരഹിത വായ്പ: മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് ഉപജീവനമാർഗം ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന പലിശരഹിത വായ്പ നൽകിവരുന്നു. ഈ

പദ്ധതി പ്രകാരം മണ്ഡലത്തിലെ 18 സഹകരണ സംഘങ്ങൾ വഴി 3,562.25 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതികളിലൂടെ അർഹരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്, വഞ്ചി, വല തുടങ്ങിയവയും വിതരണം ചെയ്തുവരുന്നു.

**(ബി)** വൈപ്പിൻ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കൾക്ക് മത്സ്യബന്ധന മേഖലയ്ക്ക് പുറമേ തുറമുഖം, ലോജിസ്റ്റിക്ക്സ്, കോൾഡ് ചെയിൻ, മറൈൻ മേഖല തുടങ്ങിയ അനുബന്ധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി നൈപുണ്യ പരിശീലനപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

**<u>മറുപടി:</u>** മത്സ്യബന്ധന മേഖലയ്ക്ക് പുറമേ ഇതര മേഖലകളിൽ ജോലിയും വരുമാനവും ലഭ്യമാകുന്നതിനായി എറണാകുളം ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാതീരം പദ്ധതി പ്രകാരം മെഡിക്കൽ എൻട്രൻസ്, സിവിൽ സർവീസ്, NIT/IIT തുടങ്ങിയ മത്സരപരീക്ഷകൾക്കുള്ള പരിശീലനം ലഭ്യമാക്കിവരുന്നുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ബോട്ട് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്രാങ്ക് പരിശീലനവും മത്സ്യത്തൊഴിലാളി യുവാക്കൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**